**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1826** | **31-08-2022 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ആർ.ടി.സി സർവീസുകൾ അനുവദിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എൻ. ജയരാജ് | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കോട്ടയം - പള്ളിക്കത്തോട്, കോട്ടയം - കറുകച്ചാൽ - മണിമല, കറുകച്ചാൽ - കുളത്തൂർമൂഴി റൂട്ടുകളിൽ എത്ര കെ.എസ്.ആർ.ടി.സി. സർവീസുകൾ ലോക് ഡൗണിന് മുമ്പ് ഉണ്ടായിരുന്നെന്ന് അറിയിക്കുമോ; | (എ) | **കോട്ടയം - പള്ളിക്കത്തോട്, കോട്ടയം - കറുകച്ചാൽ - മണിമല, കറുകച്ചാൽ - കുളത്തൂർമൂഴി റൂട്ടുകളിൽ ഒരു കെ.എസ്.ആർ. ടി.സി. സർവീസ് ലോക് ഡൗണിന് മുമ്പ് ഓപ്പറേറ്റ് ചെയ്തിരുന്നു.** |
| (ബി) | അവയിൽ എത്ര എണ്ണം നിലവിലുണ്ടെന്ന് അറിയിക്കാമോ; | (ബി) | ഒരു സർവ്വീസ് നിലവിലുണ്ട്. |
| (സി) | പ്രസ്തുത റൂട്ടുകളിൽ യാത്രാക്ലേശം പരിഹരിക്കുന്നതിന് ഓരോ കെ.എസ്.ആർ.ടി.സി. സർവീസ് വീതമെങ്കിലും ആരംഭിക്കാൻ നടപടി സ്വീകരിക്കാമോ? | (സി) | നിലവിൽ ഒരു സർവ്വീസ് പ്രസ്തുത റൂട്ടുകളിൽ ഓപ്പറേറ്റ് ചെയ്തു വരുന്നു. നഷ്ടത്തിലോടിയിരുന്നതും ഡീസൽ ചെലവിനുള്ള തുക പോലും ലഭ്യമാകാത്തതും പ്രവർത്തന ചെലവ് പോലും ലഭിക്കാത്ത സർവ്വീസുകൾ പുനരാരംഭിക്കുന്നതിന് നിലവിലെ സാമ്പത്തിക സ്ഥിതിയിൽ കഴിയാത്തതിനാൽ അത്തരം സർവ്വീസുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് ഗ്രാമവണ്ടി പദ്ധതിയിൽ ഉൾപ്പെടുത്തി ഓപ്പറേറ്റ് ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ച് വരുന്നു. ഇത്തരത്തിൽ പുതിയ സർവ്വീസുകൾ ജനോപകാരപ്രദമായി ആരംഭിക്കുന്നതിനും പദ്ധതി നടപ്പാക്കി വരുന്നു. ഇത് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ഡീസൽ തുക മാത്രം ലഭ്യമാക്കിയാൽ എത്രയും വേഗം ആരംഭിക്കുവാൻ കഴിയും. |

സെക്ഷൻ ഓഫീസർ